എണ്ണപ്പന കൃഷി

* 412. [440] ശ്രീ. എ. കെ. ശശീന്ദ്രൻ :
,, വി. സി. കബീർ :
,, ആർ. എസ്. ഉണ്ണി :
,, എ. വി. താമരാക്ഷൻ :
,, ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് എണ്ണപ്പന കൃഷി നടത്തുന്നുണ്ട് ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് പുതുതായി എണ്ണപ്പന കൃഷി വ്യാപകമാക്കി ;

(സി) 1986-87 വർഷത്തിൽ എത്ര ഹെക്ടർ പ്രദേശത്തുകൂടി എണ്ണപ്പന കൃഷി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു ;

(ഡി) ഇതിനായി എത്ര ഹെക്ടർ സ്ഥലമാണ് വനംവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ഇ) അതിൽ വനം വകുപ്പ് എത്ര ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുവാൻ അനുവാദം തന്നിട്ടുണ്ട് ;

(എഫ്) എണ്ണക്കുരു സംസ്ക്കരിച്ച് എണ്ണ എടുക്കുന്നതിന് സംസ്ഥാനത്ത് എത്ര പ്ലാൻറുകൾ ഉണ്ട് ;

(ജി) പുതുതായി എണ്ണ സംസ്ക്കരണകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(എച്ച്) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് രൂപീകരിച്ചതെന്നാണ് ;

(ഐ) ഓരോ വർഷവുമുള്ള ലാഭ-നഷ്ടങ്ങൾ എത്ര വീതമാണ് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 3705 ഹെക്ടർ.

(ബി) 1982-84 കാലഘട്ടത്തിൽ പുതുതായി 1479.50 ഹെക്ടർ സ്ഥലത്തു എണ്ണപ്പന വ്യാപകമാക്കി.

(സി) 349 ഹെക്ടർ

(ഡി) 349 ഹെക്ടർ

(ഇ) അനുമതി കിട്ടിയിട്ടില്ല.

(എഫ്) ഒന്ന്.

(ജി) ഉണ്ട്.

(എച്ച്) 21-11-1977-ൽ

(ഐ) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് 4-5-1983 വരെ പ്ലാൻറേഷൻ കോർപ്പറേഷൻറെ ഭാഗമായിരുന്നു. 1983-84 വർഷത്തിൽ 83.64 ലക്ഷവും 1984-85 വർഷത്തിൽ 25.82 ലക്ഷവും, 1985-86 വർഷത്തിൽ 5.08 ലക്ഷവും നഷ്ടമുണ്ടായിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ : എണ്ണപ്പനകൃഷി വ്യാപകമാക്കുന്നതിനുവേണ്ടി 1982-83 കാലഘട്ടത്തിൽ തീരുമാനിച്ചതിനുശേഷം ഓയിൽപാം ഇൻഡ്യാ ലിമിറ്റഡ് അവർക്കു എത്ര ഏക്കർ സ്ഥലം പുതുതായി കൃഷി ആരംഭിക്കുവാൻ വേണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്? ആ സ്ഥലം മുഴുവൻ ഇതുവരെ വിട്ടുകൊടുക്കാതിരുന്നത് അവർക്കു പ്രയാസമുള്ള കാര്യമാണെന്ന് ഡിപ്പാർട്ടുമെൻറിനെ അറിയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനു വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിലേക്കുവേണ്ടി നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : ആ സ്ഥലം ഇത്രയും കാലമായിട്ടു വിട്ടുകൊടുക്കാതിരുന്നതിനു തടസ്സമായി നിൽക്കുന്നത് എന്തു ഘടകമാണ്. ആ തടസ്സം നീക്കുന്നതിനുവേണ്ടി ഗവൺമെന്റു എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വിശദീകരിക്കാമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ആ സ്ഥലം ഫോറസ്റ്റിന്റെ വകയാണ്. ഫോറസ്റ്റു ഡിപ്പാർട്ടുമെന്റു കേന്ദ്രഗവൺമെന്റുമായി ആലോചിച്ചു നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. സി. കബീർ : 349 ഹെക്ടർ ഭൂമി ഓയിൽ പാം ഇൻഡ്യ വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വനം വകുപ്പു ആ സ്ഥലം വിട്ടുകൊടുക്കാതിരുന്നതു, പ്രകൃതി സംരക്ഷണനിയമത്തിലെ വല്ല തടസവും കൊണ്ടാണോ, ഇക്കോളജിക്കൽ ബാലൻസു തെറ്റുമെന്നുള്ളതുകൊണ്ടാണോ, വന്യമൃഗ സംരക്ഷണത്തിന് വല്ല ബുദ്ധിമുട്ടുമുള്ളതുകൊണ്ടാണോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : വന്യമൃഗസംരക്ഷണത്തിനുള്ള ആ സ്ഥലം ലഭിക്കുമെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം.

ശ്രീ. വി. സി. കബീർ : ഇപ്പോൾ പാമോയിൽ സുലഭമായി ജനങ്ങൾ ഉപയോഗിച്ചു തുടങ്ങിയിട്ടുള്ള സാഹചര്യത്തിൽ എണ്ണപ്പനകൃഷി കേന്ദ്രത്തിൽ മാത്രം തളച്ചിടാതെ നമ്മുടെ സംസ്ഥാനത്തിലെ വിവിധ ജില്ലകളിലുള്ള വനപ്രദേശങ്ങളിൽ എണ്ണപ്പന കൃഷി ആരംഭിക്കുന്നതിനു ഗവൺമെന്റു ശ്രദ്ധിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇപ്പോൾ 3205 ഹെക്ടർ സ്ഥലത്തു കൃഷി ചെയ്യുന്നുണ്ടെങ്കിലും 959 ഹെക്ടറിൽ നിന്നും മാത്രമേ ആദായം ലഭിക്കുന്നുള്ളൂ. മറ്റു പ്രദേശങ്ങളിൽ നിന്നും ഇതിൽ താൽപ്പര്യമെടുത്തു ജനങ്ങൾ മുന്നോട്ടു വന്നിട്ടുണ്ട്. അതിനെക്കുറിച്ചു ഗവൺമെന്റു ആലോചിക്കുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഇപ്പോൾ നമ്മുടെ ഓയിൽ പാമിൽ ഉൽപ്പാദിപ്പിക്കുന്ന എണ്ണക്കുരു മുഴുവൻ എണ്ണയാക്കി എടുക്കുന്നതിനാവശ്യമായ കപ്പാസിറ്റി ഇപ്പോൾ നമുക്കു അവിടെയുള്ള പ്ലാന്റിനുണ്ടോ ? ഇല്ലെങ്കിൽ അതു വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇപ്പോഴുള്ള പ്ലാന്റിന് അത്രയും കപ്പാസിറ്റിയില്ല. അതു വർദ്ധിപ്പിക്കുന്നതിനു പുതുതായി രണ്ടു മെഷീൻസു കൂടി സ്ഥാപിക്കുന്നതിനു ആലോചിക്കുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : നമ്മുടെ രാജ്യത്തിനാവശ്യമായ പാമോയിൽ എത്രയാണെന്നും, അതിന്റെ എത്ര ശതമാനം ഇപ്പോൾ നമ്മുടെ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും ഈ സംസ്ഥാനത്തിനാവശ്യമുള്ള മുഴുവൻ പാമോയിൽ ഉൽപ്പാദിപ്പിക്കുന്നതിനു നമ്മുടെ കപ്പാസിറ്റി എത്ര വർദ്ധിപ്പിക്കേണ്ടിവരുമെന്നും അതിനു എത്ര ഹെക്ടർ സ്ഥലത്തു കൂടി ഓയിൽ പാം കൃഷി ആവശ്യമുണ്ടെന്നും ഗവൺമെന്റു എന്തെങ്കിലും കണക്കു എടുത്തിട്ടുണ്ടോ ? അതു നടപ്പിലാക്കാൻ എന്തെങ്കിലും പരിപാടിയിട്ടിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നമ്മൾ 10500 ടണ്ണാണ് ഉൽപ്പാദിപ്പിക്കുന്നത്. അതു ക്രൂഡോയിലാണ്. ഇപ്പോൾ ആ ക്രൂഡോയിൽ ടെൻഡർ ചെയ്ത സോപ്പു കമ്പനികൾക്കു കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡിലെ തൊഴിലാളികളും എല്ലാ വിഭാഗം തൊഴിലാളികളും കഴിഞ്ഞ ഒരു മാസക്കാല മായി ഓയിൽ പാം ഫാക്ടറി പടിക്കൽ നിരാഹാര സത്യാഗ്രഹം നടത്തുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതു അവസാനിപ്പിക്കാനുള്ള എന്തെങ്കിലും നടപടികൾ ഗവൺമെൻറു സ്വീകരിച്ചി ട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അവർ സത്യാഗ്രഹം നടത്തുകയാണ്. അതിന്റെ വെളിച്ചത്തിൽ ഗവൺമെൻറു ബന്ധപ്പെട്ട സെക്രട്ടറിക്കു കോൺ ഫറൻസു നടത്താൻ നിർദ്ദേശം കൊടുത്തു. വീണ്ടും ഇന്ന് എന്റെ നേതൃ ത്വത്തിൽ കോൺഫറൻസ് നടത്തുകയാണ്. അതിന്റെ ഫലമായി ആ സമരം പിൻവലിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : എണ്ണപ്പന കൃഷിക്കുവേണ്ടി വിട്ടു കിട്ടി യിട്ടുള്ള നൂറു കണക്കിനു ഏക്കർ സ്ഥലത്ത് ആ കൃഷി നടത്താതിരിക്കു കയും, വിശേഷിച്ചും കൊല്ലം ജില്ലയിൽ എണ്ണപ്പനയ്ക്കുവേണ്ടി വിട്ടു കിട്ടിയ സ്ഥലത്തു നൂറു കണക്കിനു ഏക്കർ സ്ഥലത്തു എണ്ണപ്പന കൃഷി ചെയ്യാതെ പാഴായി ഇട്ടിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ സ്ഥലത്തു അടിയന്തിരമായി ഇതു നടപ്പാക്കാൻ ഗവൺമെൻറു ശ്രദ്ധി ക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഞാൻ നേരത്തെ പറഞ്ഞ 3705 ഹെക്ടർ സ്ഥലമാണ് ഇതിനുവേണ്ടിയുള്ളത്. ചിതറ എസ്റ്റേറ്റിൽ 946 ഹെക്ടറിലും ഏരൂരിൽ 2080 ഹെക്ടറിലും, കുളത്തൂപ്പുഴ 679 ഹെക്ടറി ലുമാണ് എണ്ണപ്പനക്കൃഷി നടത്തുന്നത്. ആ സ്ഥലം പാഴായി ഇട്ടേയ്ക്കാൻ ഉദ്ദേശമില്ല.

"വിൻഡ് മില്ലുകൾ"

* 413. [441] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, സി. ടി. അഹമ്മദലി :
,, പി. സീതിഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിക്ഷാമത്തിനു പരിഹാരം എന്ന നിലയിൽ കാറ്റിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന "വിൻഡ് മില്ലുകൾ" സ്ഥാപിക്കാൻ സംസ്ഥാന ഗവൺമെൻറിനു എതെങ്കിലും പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എവിടെ എല്ലാമാണ് അവ സ്ഥാപിക്കാനുദ്ദേ ശിക്കുന്നത് ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) കേരളത്തിലെ സാഹചര്യങ്ങളിൽ ഇതു എത്രത്തോളം പ്രയോജന പ്രദമായിരിക്കുമെന്ന് പഠിച്ചുകൊണ്ടിരിക്കുകയാണ്. തീരുമാനമെടുത്തിട്ടില്ല.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly